# നമസ്കാരശേഷമുള്ള ദിക്റുകൾ

1.

أَسْتَغْفِرُ اللَّهَ أَسْتَغْفِرُ اللَّهَ أَسْتَغْفِرُ اللَّهَ

"അല്ലാഹുവിനോട് ഞാൻ പാപമോചനം തേടുന്നു."

2.

اللَّهُمَّ أَنْتَ السَّلاَمُ، وَمِنْكَ السَّلاَمُ، تَبَارَكْتَ يَا ذَا الْجَلاَلِ وَالْإِكْرَام

"അല്ലാഹുവേ! നീയാണ് രക്ഷയും സമാധാനവും നൽകുന്നവൻ (സലാം), നിന്നിൽ നിന്നാണ് രക്ഷയും സമാധാനവും (സലാം). അത്യുന്നതിയും അതിമഹത്വമുള്ളവനേ, നീ എല്ലാ അനുഗ്രഹങ്ങളുടെയും നാഥനാകുന്നു"

3.

لاَ إِلَـٰهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ، وَلَهُ الْحَمدُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ .لاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللَّهِ، لاَ إِلَـٰهَ إِلاَّ اللَّهُ، وَلاَ نَعْبُدُ إِلاَّ إِيَّاهُ , لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ، لاَ إِلَـٰهَ إِلاَّ اللَّهُ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الكَافِرُونَ

"യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി അല്ലാഹു അല്ലാതെ മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. പരമാധികാരവും അവനാണ്. എല്ലാ സ്തുതിയും നന്ദിയും അവനാണ്.

അവൻ സർവ്വകാര്യത്തിനും കഴിവുള്ളവനാകുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു പരമോന്നത ശക്തിയും കഴിവുമില്ല! യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹു അല്ലാതെ മറ്റാരുമില്ല. അവനെയല്ലാതെ ഞങ്ങൾ ആരാധിക്കുന്നുമില്ല. അവനാണ് എല്ലാ അനുഗ്രഹങ്ങളുടെയും ഔദാര്യത്തിന്റെയും നാഥൻ! അത്യുത്തമമുള്ള എല്ലാ സ്തുതികളും അവനുണ്ട്. ആരാധനക്കർഹനായി യഥാർത്ഥത്തിൽ അല്ലാഹു അല്ലാതെ മറ്റാരുമില്ല. കീഴ്വണക്കം അല്ലാഹുവിന് മാത്രം നിഷ്കളങ്കമാക്കുന്നവരിൽ പെട്ടവനാണ് ഞാൻ. സത്യനിഷേധികൾക്ക് അത് വെറുപ്പാണെങ്കിലും ശരി.."

4.

اَللهُمَّ لاَ مَانِعَ لِمَا أَعْطَيْتَ ، وَلاَ مُعْطِيَ لِمَا مَنَعْتَ
وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ ،

"അല്ലാഹുവേ നീ തന്നത് തടയാൻ ആരുമില്ല . നീ തടഞ്ഞത് തരാനും ആർക്കും കഴിയില്ല. പ്രതാപമുള്ളവന് ആ പ്രതാപം നിന്റെയടുത്ത് യാതൊരുപകാരവും ചെയ്യുകയില്ല"

5. ഓരോന്നും 33 പ്രാവശ്യം ചൊല്ലുക.

سُبْحَانَ اللَّهِ،     الْحَمْدُ لِلَّهِ،     اللَّهُ أَكْبَرُ

ശേഷം ഇങ്ങനെ പറയുക:

لاَ إِلَـٰهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ
الْحَمْدُ وَهُوَ عَلَى كُلِّ شَـيْءٍ قَدِيرٌ

"യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി അല്ലാഹു അല്ലാതെ മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. പരമാധികാരവും അവനാണ്. എല്ലാ സ്തുതിയും നന്ദിയും അവനാണ്. അവൻ സർവ്വകാര്യത്തിനും കഴിവുള്ളവനാകുന്നു.."

6. **സുബ്ഹ്, മഗ്‌രിബ് നമസ്കാരങ്ങൾക്ക് ശേഷം**

പത്തു പ്രാവശ്യം ചൊല്ലുക.

لَا إِلَـٰهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ المُلْكُ وَلَهُ الحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

**"യഥാർത്ഥത്തിൽ ആരാധനക്ക് അർഹനായി അല്ലാഹു അല്ലാതെ മറ്റാരുമില്ല. അവൻ ഏകനാണ്. അവന്ന് പങ്കുകാരില്ല . അവനാണ് ഉടമാവകാശം. അവന്നാണ് സർവ്വസ്തുതിയും. അവനാകുന്നു ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും. അവൻ സർവ്വകാര്യത്തിനും കഴിവുള്ളവനാകുന്നു."**

7. നബി(സ) അരുളി : "ഒരാൾ എല്ലാ ഫർള് നമസ്ക്കാരശേഷവും "ആയത്തുൽ-കുർസി" ചൊല്ലിയാൽ അയാൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ മരിക്കുന്ന താമസമല്ലാതെയില്ല!"
(صححه الألباني في السلسلة الصحيحة:٩٧٢)

اللَّـهُ لَا إِلَـٰهَ إِلَّا هُوَ الْحَيُّ الْقَيُّومُ ۚ لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ ۚ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۗ مَن ذَا الَّذِي يَشْفَعُ عِندَهُ إِلَّا بِإِذْنِهِ ۚ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ ۖ وَلَا يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلَّا بِمَا شَاءَ ۚ وَسِعَ كُرْسِيُّهُ

السَّمَاوَاتِ وَالْأَرْضَ ۖ وَلَا يَئُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ
(سورة البقرة:٢٥٥)

**“അല്ലാഹു – അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവന്‍. എല്ലാം നിയന്ത്രിക്കുന്നവന്‍. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്‍റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്‍റെ അനുവാദപ്രകാരമല്ലാതെ അവന്‍റെയടുക്കല്‍ ശുപാര്‍ശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവര്‍ക്ക് പിന്നിലുള്ളതും അവന്‍ അറിയുന്നു. അവന്‍റെ അറിവില്‍ നിന്ന് അവന്‍ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവര്‍ക്ക് സൂക്ഷ്മമായി അറിയാന്‍ കഴിയില്ല. അവന്‍റെ അധികാരപീഠം ആകാശഭൂമികളെ മുഴുവന്‍ ഉള്‍കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവന്‍ ഉന്നതനും മഹാനുമത്രെ.” (2:255)**

8. താഴെ വരുന്ന സൂറത്തുകള്‍ ഒരു തവണ എല്ലാ ഫര്‍ള് നമസ്ക്കാര ശേഷവും ചൊല്ലുക: (സുബ്ഹിക്കും മഗ്‌രിബിന് ശേഷം മൂന്ന് പ്രാവശ്യവും ഓതുക.)

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ
قُلْ هُوَ اللَّـهُ أَحَدٌ ﴿١﴾ اللَّهُ الصَّمَدُ ﴿٢﴾ لَمْ يَلِدْ وَلَمْ يُولَدْ ﴿٣﴾ وَلَمْ يَكُن لَّهُ كُفُوًا أَحَدٌ ﴿٤﴾

**“(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. (1) അല്ലാഹു ഏവര്‍ക്കും ആശ്രയമായിട്ടുള്ളവനാകുന്നു. (2) അവന്‍ (ആര്‍ക്കും) ജന്‍മം നല്‍കിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. (3) അവന്ന് തുല്യനായി ആരും ഇല്ലതാനും. (4)”**

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ
قُلْ أَعُوذُ بِرَبِّ الْفَلَقِ ﴿١﴾ مِن شَرِّ مَا خَلَقَ﴿٢
وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴿٣﴾ وَمِن شَرِّ النَّفَّاثَاتِ فِي
الْعُقَدِ ﴿٤﴾ وَمِن شَرِّ حَاسِدٍ إِذَا حَسَدَ ﴿٥﴾٥

പറയുക. പുലരിയുടെ റബ്ബിനോട് ഞാന്‍ രക്ഷതേടുന്നു.(1) അവന്‍ സൃഷ്ടിച്ചിട്ടുള്ളവയുടെ തിന്മയില്‍ നിന്നും, (2) ഇരുളടയുമ്പോഴുള്ള രാത്രിയുടെ തിന്മയില്‍ നിന്നും, (3) കെട്ടുകളില്‍ ഊതുന്ന സ്ത്രീകളുടെ തിന്മയില്‍ നിന്നും, (4) അസൂയാലു അസൂയപ്പെടുമ്പോള്‍ അതിന്‍റെ തിന്മയില്‍ നിന്നും. (5)

بِسْمِ اللَّـهِ الرَّحْمَـٰنِ الرَّحِيمِ
قُلْ أَعُوذُ بِرَبِّ النَّاسِ ﴿١﴾ مَلِكِ النَّاسِ ﴿٢﴾ إِلَـٰهِ
النَّاسِ ﴿٣﴾ مِن شَرِّ الْوَسْوَاسِ الْخَنَّاسِ ﴿٤﴾ الَّذِي
يُوَسْوِسُ فِي صُدُورِ النَّاسِ ﴿٥﴾ مِنَ الْجِنَّةِ
وَالنَّاسِ ﴿٦﴾٦

“പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാന്‍ ശരണം തേടുന്നു. (1) മനുഷ്യരുടെ രാജാവിനോട്. (2) മനുഷ്യരുടെ ദൈവത്തോട്. (3) ദുര്‍ബോധനം നടത്തി പിന്‍മാറിക്കളയുന്നവരെക്കൊണ്ടുള്ള കെടുതിയില്‍ നിന്ന്. (4) മനുഷ്യരുടെ ഹൃദയങ്ങളില്‍ ദുര്‍ബോധനം നടത്തുന്നവര്‍. (5) മനുഷ്യരിലും ജിന്നുകളിലും പെട്ടവര്‍. (6)”

സഹോദരാ/സഹോദരീ..

ഇത് മറ്റുള്ളവരിലേക്ക് ഷെയർ ചെയ്യുന്നതോടൊപ്പം, എല്ലാ നമസ്കാരാന്തരവും ഈ ദുആകൾ സ്വയം ചൊല്ലൽ  ശീലമാക്കാൻ ശ്രമിക്കുക. അല്ലാഹു തൗഫീഖ് ചെയ്യട്ടെ...

അല്ലാഹു ഇത് ഒരു സ്വാലിഹായ അമലായി സ്വീകരിക്കുമാറാകട്ടെ.

**The Light Youth Club Qatar**